**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4584 20/10/2011-ൽ മറുപടിയ്ക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
| --- | --- |
| (എ)<br>മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി ഉണ്ടാകുമോ; | (എ)<br>മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി)<br>മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നല്കിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; ? | (ബി)<br>മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്ക് സമാനമായി ഉയർത്തിയിട്ടുണ്ട്. അതിനോടൊപ്പം ഫിഷറീസ് സ്ക്കൂളുകളിലെ മെസ്സ് അലവൻസ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി)<br>മത്സ്യത്തൊഴിലാളികളുടെ ആവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (സി)<br>ഈ സാമ്പത്തികവർഷത്തിൽ സമഗ്ര തീരപ്രദേശ വികസനപദ്ധതിയുടെ ഭാഗമായി കോഴിക്കോട് മലപ്പുറം ജില്ലകളിലായി 6.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി കോഴിക്കോട് മലപ്പുറം ജില്ലകളിൽ ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുകയും കമ്മിറ്റി കൂടുകയും ചെയ്തു. പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മാർഗ്ഗരേഖകൾ തയ്യാറാക്കുകയും സർക്കാർ അനുമതി നൽകുകയും |

| | |
|---|---|
| | ചെയ്തു കഴിഞ്ഞു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. പ്രോജക്ട് തയ്യാറായിക്കഴിഞ്ഞാൽ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ